**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4992 — 14.11.2019-ൽ മറുപടിയ്ക്ക്

**ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അനിൽ അക്കര | | ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | വിവിധ ജില്ലകളിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡിന്റേതടക്കമുള്ള ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് വേണ്ടി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി അനുയോജ്യമായതും ഉപയോഗിക്കാതെ കിടക്കുന്നതുമായ സർക്കാർവക ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപന വക ഭൂമിയും ഉപയോഗിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | അതിന്റെ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നറിയിക്കാമോ; | (ബി) | ഭൂരഹിത-ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ ഭൂമി ലഭ്യമാക്കി ഫ്ലാറ്റുകൾ / ക്ലസ്റ്റർ ഹോം നിർമ്മിച്ച് നല്കുന്നതിനാണ് ലൈഫ് മിഷൻ തീരുമാനിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി പരമാവധി എല്ലാ തലത്തിലുമുള്ള ഭൂമി ലഭ്യമാക്കുക എന്നുള്ളതാണ് ലക്ഷ്യം. |
| (സി) | ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭവനം നല്കുന്നതിനു വേണ്ടി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് ലൈഫ് മിഷൻ. ആയതിനാൽ ഇതിന്റെ ഭാഗമായുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം ലൈഫ് മിഷൻ മുഖേന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ